# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3006

## 18-10-2016 ലെ മറുപടിക്ക്

## പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പശ്ചാത്തല സൗകര്യ വികസനത്തിനും പൊതു ആരോഗ്യം, പൊതു വിദ്യാലയങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും എന്തൊക്കെ പദ്ധതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | പശ്ചാത്തല സൗകര്യ വികസനം, പൊതു ആരോഗ്യം, പൊതു വിദ്യാലയങ്ങൾ മറ്റ് സാമൂഹിക സാംസ്കാരിക മേഖലയിലെ വികസനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ വിവിധ പദ്ധതികൾ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. അപ്രകാരം നാളിതുവരെ വിവിധ ഭരണ വകുപ്പുകൾ 104 പ്രവൃത്തികൾക്കുള്ള പ്രാഥമിക നിർദ്ദേശം കിഫ്ബി വെബ്സൈറ്റ് മുഖേന സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിന് എത്ര കോടി രൂപയുടെ ചെലവ് വരുമെന്നും ഇതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കുമോ? | നടപ്പു സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ള രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ |

| | |
|---|---|
| | പാക്കേജ് പ്രകാരം ഭൂമി ഏറ്റെടുക്കൽ ചെലവുൾപ്പെടെ 20,000 കോടി രൂപയുടെ ചെലവാണ് പ്രസ്താവിച്ചിട്ടുള്ളത്. കിഫ്ബി വഴിയുള്ള ധനാഗമ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തിയാവും ഈ പ്രവൃത്തികൾ നടപ്പിലാക്കുക. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്